പാഠം 12

# ജാതികളുടെ പ്രത്യാശ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക. യെശയ്യാവ് 59; 59:15–21; 60:1,2; 61; 61:2.**

**മനഃപാഠവാക്യം: "ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും" (യെശ. 60:3).**

---

---

നാം ക്രിസ്തുവിന്റെ പാഠശാലയിൽ പഠിക്കണം. കൃപാ ഉടമ്പടിയുടെ അനുഗ്രഹങ്ങളിൽ ഒന്നിന് നമ്മെ യോഗ്യരാക്കാൻ അവന്റെ നീതിക്കല്ലാതെ മറ്റൊന്നിനും ആകില്ല. ഈ അസുഗ്രഹങ്ങൾ ലഭ്യമാകുന്നതിന് നാം ദീർഘനാളായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട് എന്നാൽ നമുക്ക് അവ ലഭിച്ചിട്ടില്ല കാരണം നമ്മെത്തന്നെ അതിനു യോഗ്യരാക്കാൻ നമുക്ക് എന്തെങ്കിലും ചെയ്യാനാകും എന്ന ആശയം നാം മനസ്സിൽ വെച്ച് താലോലിച്ചിട്ടുണ്ട്. യേശു ഒരു ജീവിക്കുന്ന രക്ഷകനാണെന്ന് വിശ്വസിച്ചുകൊണ്ടു നാം നമ്മിൽനിന്നു പുറത്തേക്കു നോക്കിയിട്ടില്ല. നമ്മുടെ സ്വന്തം കൃപയും നന്മകളും നമ്മെ രക്ഷിക്കുന്നു എന്ന് നാം കരുതരുത്; ക്രിസ്തുവിന്റെ കൃപ മാത്രമാണ് നമുക്കു രക്ഷയ്ക്കുള്ള ഏക പ്രത്യാശ അവന്റെ പ്രവാചകനിലൂടെ ദൈവം വാഗ്ദത്തം ചെയ്യുന്നു, "ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്ക് തിരിയട്ടെ" (യെശയ്യാവ് 55:7).

നാം ശരിയായ വാഗ്ദത്തം വിശ്വസിക്കണം, വിശ്വാസത്തിനു പകരം തോന്നലിനെ സ്വീകരിക്കരുത്. നാം ദൈവത്തെ പൂർണ്ണമായി വിശ്വസിക്കുമ്പോൾ, നാം യേശുവിന്റെ നന്മകളെ ഒരു പാപം ക്ഷമിക്കുന്ന രക്ഷകനായി ആശ്രയിക്കുമ്പോൾ, നമുക്ക് ആഗ്രഹിക്കാവുന്ന സകല സഹായവും നമുക്ക് ലഭിക്കും "E. G. White, Faith and works, P. 36.

**ഈ ആഴ്ചയിൽ യെശയ്യാ പ്രവാചകന്റെ എഴുത്തുകളിൽ വെളിവാക്കപ്പെട്ടിരിക്കുന്നതുപോലെ ഈ സത്യത്തെക്കുറിച്ച് കൂടുതൽ നമുക്കു കാണാൻ കഴിയും.**

***ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 20 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## പാപത്തിന്റെ ഫലങ്ങൾ (യെശ. 59).

**യെശ. 58:3 ൽ ജനം ദൈവത്തോടു ചോദിച്ചു: "ഞങ്ങൾ നോമ്പുനോല്ക്കുന്നതു നീ നോക്കാതെയിരിക്കുന്നത് എന്ത്? ഞങ്ങൾ ആത്മതപനം ചെയ്യുന്നതു നീ അറിയാതിരിക്കുന്നതെന്ത്?**

ഇതിനു വിരുദ്ധമായി, യെശ. 59:1 വേറൊരു ചോദ്യം സൂചിപ്പിക്കുന്നു, ഏകദേശം ഇതുപോലെ: "എന്തുകൊണ്ടാണ് യഹോവയുടെ കരം ഞങ്ങളെ രക്ഷിക്കണമെന്ന് ഞങ്ങൾ അപേക്ഷിച്ചിട്ടും അവൻ ചെയ്യാത്തത്? ഞങ്ങൾ അവനോട് നിലവിളിച്ചിട്ടും അവൻ എന്താണ് കേൾക്കാത്തത്? എന്നാൽ ദൈവത്തിന് രക്ഷിക്കാനും കേൾക്കാനും കഴിയുമെന്ന് യെശയ്യാവ് മറുപടി നൽകുന്നു (യെശ. 59:1). എന്നിരുന്നാലും ഇവ രണ്ടിലും അവൻ പരാജയപ്പെടുന്നത് തികച്ചും വ്യത്യസ്തമായൊരു കാര്യമാണ്.

**യെശ. 59:2 ലെ ചോദ്യത്തിന് ഉത്തരം നൽകുന്ന എന്ത് സന്ദേശമാണ് ഇവിടെ നൽകപ്പെട്ടിരിക്കുന്നത്?**

ദൈവം അവന്റെ ജനത്തെ "അവഗണിക്കാൻ നിശ്ചയിക്കുന്നത്, അത് അവന്റെ ആഗ്രഹം ആയതുകൊണ്ടല്ല പിന്നെയോ, "നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്" (യെശ. 59:2). മനുഷ്യ-ദൈവ ബന്ധത്തിന്മേൽ പാപത്തിനുള്ള ഫലത്തെ സംബന്ധിച്ച ഏറ്റവും വ്യക്തമായ വേദപുസ്തക പ്രസ്താവനയാണ് ഇവിടെ: 59-ാം അദ്ധ്യായത്തിന്റെ ശേഷഭാഗം മുഴുവൻ ഇത് വിപുലീകരിക്കാൻ ഉപയോഗിക്കുന്നു, ഇത് മാനവചരിത്രത്തിൽ ഉടനീളം കാണുന്നു: ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ പാപത്തിന് നശിപ്പിക്കാനാകും അങ്ങനെ നമ്മളെ നിത്യനാശത്തിലേക്കു നയിക്കും - പാപം ദൈവത്തെ നമ്മിൽനിന്ന് അകറ്റുകയില്ല പിന്നെയോ അത് നമ്മെ ദൈവത്തിൽനിന്ന് അകറ്റുന്നു.

**ഉല്പത്തി 3:8 വായിക്കുക. ഈ ഉദാഹരണം എങ്ങനെയാണ് മുകളിലെ ഖണ്ഡികയിൽ പ്രകടമാക്കിയിരിക്കുന്ന തത്വത്തെ വെളിപ്പെടുത്തുന്നത്?**

പാപം പ്രാഥമികമായി ദൈവത്തിന്റെ ഒരു തിരസ്കരണമാണ്, അവനിൽനിന്ന് പിന്തിരിഞ്ഞ് പോകുക. പാപപ്രവൃത്തി വാസ്തവത്തിൽ അതിൽനിന്നു തന്നെ ആഹരിക്കുന്നു, ഈ പ്രവൃത്തി ദൈവത്തിൽനിന്ന് മാറിപോകുക മാത്രമല്ല, പിന്നെയോ ആ പ്രവൃത്തിയുടെ ഫലം പാപിയെ ദൈവത്തിൻനിന്നും കൂടുതൽ അകലാൻ കാരണമാക്കുന്നു. പാപം നമ്മെ ദൈവത്തിൽനിന്നും വേർതിരിക്കുന്നു, ദൈവം പാപികളിലേക്ക് കടന്നുവരികില്ല എന്നതിനാലല്ല (നിശ്ചയമായും, ദൈവം പാപികളെ രക്ഷിപ്പാനായി എത്തിപ്പിടിക്കുന്നതല്ലാതെ വേദപുസ്തത്തിലൂടനീളം മറ്റൊന്നുമില്ല) പിന്നെയോ ദൈവത്തിന് നമ്മോട് സന്ധി ചെയ്യുവാനുള്ള ദിവ്യമായ ആഗ്രഹത്തെ തള്ളികളയുവാൻ പാപം കാരണമാകുന്നു. അതിനാലാണ് നാം നമ്മുടെ ജീവിതത്തിൽ ഒരു പാപവും അനുവദിക്കാൻ പാടില്ല എന്നത് വളരെ പ്രധാനമായിരിക്കുന്നത്.

**ദൈവത്തിൽ നിന്നുള്ള വേർപാടിന് പാപം കാരണമാകുന്നു എന്ന യാഥാർത്ഥ്യം ഏതെല്ലാം രീതികളിലാണ് നിങ്ങൾ അനുഭവിച്ചിട്ടുള്ളത്? എന്താണ്, നിങ്ങളുടെ അനുഭവത്തിൽ, ഈ പ്രശ്നത്തിനുള്ള ഏക പരിഹാരം?**

## ആരാണ് ക്ഷമിക്കപ്പെടുന്നത് (യെശ. 59:15-21)

യെശയ്യാവ് 59 പാപം എന്ന പ്രശ്നത്തിന്റെ ഒരു അമ്പരിപ്പിക്കുന്ന ചിത്രം നല്കുന്നു. ഭാഗ്യവശാൽ, വേദപുസ്തകം വീണ്ടെടുപ്പിന്റെ പ്രത്യാശയും അവതരിപ്പിക്കുന്നുണ്ട്.

ആദ്യ ചോദ്യം ഇതാകുന്നു, നമ്മിൽ എത്രപേർ പാപം ചെയ്തിട്ടുണ്ട്? വേദപുസ്തകം വ്യക്തമാണ്: നാമെല്ലാം പാപം ചെയ്തിട്ടുണ്ട്. ആയതിനാൽ വീണ്ടെടുപ്പ് പാപത്തിന്റെ അഭാവത്തെ അടിസ്ഥാനമാക്കി ആയിരിക്കാൻ കഴിയില്ല; അത് ക്ഷമയിൽ അടിസ്ഥാനപ്പെടുത്തിയതാകണം (യിരെമ്യാവ് 31:34). പൗലൊസ് ഇത് സമ്മതിക്കുന്നു. സകലരും പാപം ചെയ്തു (റോമർ 3:9-20,23); അതുകൊണ്ട്, അതിന്റെ അടിസ്ഥാനത്തിൽ ഒരു വേർതിരിവ് ഉണ്ടാകാനാകില്ല (റോമർ 3:22).

റോമർ 3:21-24 വായിക്കുക. നാം എങ്ങനെ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്താണ് നമ്മോടു പറയുന്നത്? ന്യായവിധിയിൽ അവ നമുക്ക് എന്തു പ്രത്യാശ നൽകണം? മിക്കവരും ചിന്തിക്കുന്നത് ന്യായവിധിയിലെ ചോദ്യം ഇതാണെന്നാണ്: ആരാണ് പാപം ചെയ്തത്? എന്നാൽ അത് ചോദിക്കേണ്ട ഒരു ചോദ്യമല്ല കാരണം എല്ലാവരും പാപം ചെയ്തു പകരം, ചോദ്യമിതാണ്: ആരാണ് ക്ഷമിക്കപ്പെട്ടിരിക്കുന്നത്? ന്യായവിധിയിലെ നിർണ്ണായക ഘടകം ഇതാണ്, യേശുവിലുള്ള വിശ്വാസത്താൽ ആർക്കാണ് ക്ഷമലഭിച്ചതും തുടർന്നും ലഭിച്ചുകൊണ്ടിരിക്കുന്നതും?

നാം പ്രവൃത്തികളാലാണ് വിധിക്കപ്പെടുന്നത് എന്ന കാര്യം സത്യമാണ് - എന്നാൽ പ്രവൃത്തികൾ നമ്മെ രക്ഷിക്കും എന്ന അർത്ഥത്തിലല്ല. അങ്ങനെയെങ്കിൽ, വിശ്വാസം വ്യർത്ഥമാണ് (റോമർ 4:14). പകരം, നാം യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്നത് നമ്മുടെ പ്രവൃത്തികൾ വെളിവാക്കും (യാക്കോബ് 20:18).

**എന്തുകൊണ്ടാണ് പ്രവൃത്തികൾക്ക് നമ്മെ രക്ഷിക്കാനാകാത്തത്, ഇപ്പോഴോ ന്യായവിധിയിലോ? (റോമർ 3:20, 23 കാണുക).**

ഒരു പാപം നിറഞ്ഞ ലോകത്തിൽ ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം രക്ഷിക്കുകയല്ല പിന്നെയോ പാപം ചൂണ്ടിക്കാണിക്കുക എന്നതാണ്. പകരം, "സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രെ കാര്യം" (ഗലാ. 5:6), ദൈവാത്മാവിനാൽ ഹൃദയത്തിലേക്ക് പകരപ്പെടുന്ന സ്നേഹം (റോമർ 5:5). ഒരു വ്യക്തിക്കു യേശുവിൽ ജീവിക്കുന്ന വിശ്വാസം ഉണ്ടെന്ന് പ്രദർശിപ്പിക്കുന്നു. (യാക്കോബ് 2:26 കാണുക).

പ്രവൃത്തികൾ ഒരു ബാഹ്യമായ പ്രകടനമാണ്. ആയതിനാൽ, ഒരു യഥാർത്ഥ ക്രിസ്തീയ അനുഭവം എന്നത് ദൈവത്തോടുള്ള ദൈനംദിന സമർപ്പണത്തിൽ വിശ്വാസം പ്രകടിപ്പിക്കയും ന്യായപ്രമാണത്തോടുള്ള അനുസരണത്തിൽ വെളിപ്പെടുത്തുന്നതുമാണ്. ന്യായവിധിയിൽ, അവന്റെ സൃഷ്ടികൾക്ക് ദൈവം പ്രവർത്തികളെ തെളിവായി ഉപയോഗിക്കും. അവനെപോലെ വിശ്വാസത്തിന്റെ പ്രവൃത്തികളെ മറ്റാർക്കും വായിക്കാനാകില്ല. എന്നാൽ മാനസാന്തരപ്പെട്ട ഒരു വ്യക്തിക്ക്, മാനസാന്തരത്തെ തുടർന്നുള്ള പ്രവർത്തികളാണ്, ജീവിതം ക്രിസ്തുവിനാലും പരിശുദ്ധാത്മാവിനാലും നിറയുമ്പോൾ, ന്യായവിധിയിൽ പ്രസക്തമാകുന്നത്. മാനസാന്തരത്തിനുമുമ്പുള്ള പാപജീവിതം കുഞ്ഞാടിന്റെ രക്തത്താൽ കഴുകപ്പെട്ടു (റോമർ 6 കാണുക).

## സാർവ്വത്രിക ആഹ്വാനം (യെശ. 60:1, 2)

**യെശ. 60:1,2 എന്തിനെക്കുറിച്ചാണ് പറയുന്നത്? വേദപുസ്തകത്തിലുടനീളം കാണപ്പെടുന്ന എന്ത് തത്വമാണ് ഇവിടെ പ്രവൃത്തിയിലുള്ളത്? എന്ത് പ്രത്യാശയാണ് അത് നൽകുന്നത്?**

യെശ. 60:1,2 ൽ പുറപ്പാടിനെ തുടർന്ന് ദൈവം തന്റെ ജനത്തെ വിടുവിക്കുന്നു. അന്ധകാരത്തിൻനിന്നും വെളിച്ചം സൃഷ്ടിക്കുന്നതിന്റെ പ്രതിബിംബത്തോടെയും ക്രിസ്തുവിലൂടെയുള്ള രക്ഷയുടെ പൂർത്തീകരണത്തിലേക്ക് വിരൽ ചൂണ്ടുന്നതായും പ്രകടിപ്പിച്ചിരിക്കുന്നു.

**യെശ. 60:3 ൽ ആരുടെ വെളിച്ചത്തിലേക്കാണ് ജാതികളും രാജാക്കന്മാരും വരിക?**

എബ്രായ ഭാഷയിൽ ഈ വ്യക്തി സ്ത്രീലിംഗ ഏകവചനമാണ് (യെശ. 60:1,2).

"സീയോനെ" ആയിരിക്കും മനുഷ്യഭാവം നല്കിയിരിക്കുന്നത്, അത് മുൻ അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് കൊടുത്തിട്ടുണ്ട് (യെശ. 59:20). ആയതിനാൽ, അന്ധകാരത്തിൽ ആയിരിക്കുന്ന ഭൂമിയിലെ ജനങ്ങൾ സീയോനിലേക്ക് വരും. അത് അവൾക്കുമേൽ ഉദിച്ച ദൈവത്തിന്റെ മഹത്വത്താൽ ആകർഷിക്കപ്പെടും (യെ 60:2). അവളുടേതായ വെളിച്ചത്തിലേക്ക് പ്രവേശിക്കാൻ അവൾ വിളിക്കപ്പെടുന്നു, പിന്നീട് അതേ വെളിച്ചത്തിലേക്ക് ഒത്തുകൂടുമ്പോൾ ജാതികളെ നിരീക്ഷിക്കാനും പ്രതികരിക്കാനും പറയുന്നു." J. Alec Motyer, The Prophecy of Isaiah: P. 494 യെരൂശലേം സീയോൻ ആണെങ്കിലും, ഊന്നൽ നല്കിയിരിക്കുന്നത് നഗരത്തിന്റെ ഭൗതീക സ്ഥാനത്തേക്കാൾ ജനങ്ങൾക്കാണ് എന്നത് ശ്രദ്ധിക്കുക.

യെശയ്യാവ് 60 ന്റെ ശേഷഭാഗം വികസിപ്പിക്കുന്നത് 1 മുതൽ 3 വരെയുള്ള വാക്യങ്ങളിൽ പരിചയപ്പെടുത്തുന്ന കേന്ദ്ര ആശയത്തെയാണ്: അവിടെ ദൈവസാന്നിധ്യം കാരണം, ലോകത്തിലെ ജനങ്ങൾ യെരൂശലേമിലേക്ക് ആകർഷിക്കപ്പെടുകയാണ്.

എങ്ങനെയാണ് ഈ പ്രവചനം അബ്രഹാമിനോടുള്ള ഉടമ്പടി വാഗ്ദത്തവുമായി താരതമ്യം ചെയ്യുന്നത്? (ഉല്പത്തി 12:2,3). രണ്ടും ഒരേ കാര്യമല്ലേ പറയുന്നത്?

അബ്രഹാമിനെയും അവന്റെ പിന്തുടർച്ചക്കാരെയും തിരഞ്ഞെടുത്തപ്പോൾ ദൈവത്തിന് ഒരു സാർവ്വത്രിക ഉദ്ദേശ്യമുണ്ടായിരുന്നു: അബ്രഹാമിലൂടെ ഭൂമിയിലെ സകല കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പത്തി 12:3; 18:18; 22:18). അതിനാൽ, അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടി ആത്യന്തികമായി സകല മനുഷ്യജാതിക്കും ഉദ്ദേശിച്ചുള്ള ഒരു ഉടമ്പടിയും ദൈവിക വെളിപ്പാടിന്റെ മാർഗ്ഗമായിരുന്നു.

അവന്റെ ജനങ്ങളെ അവരുടെ പുരാതനമായ സാർവ്വത്രിക വിധിയിലേക്ക് തിരികെ കൊണ്ടുവരുവാൻ യെശയ്യാവ് ആഗ്രഹിച്ചു. സത്യ ദൈവത്തിന്റെ പ്രതിനിധികളെന്ന് നിലയിൽ, അവർ അവർക്കുമാത്രമല്ല ലോകത്തിനായും ഉത്തരവാദികളായിരുന്നു. ദൈവത്തെ അന്വേഷിക്കുന്ന ജാതികളെ അവർ സ്വാഗതം ചെയ്യണമായിരുന്നു (യെശ. 56:3–8 കാണുക), കാരണം അവന്റെ ആലയം "സകല ജാതികൾക്കും ഉള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും" (യെശ. 56:7)

**ഈ പശ്ചാത്തലത്തിൽ, സെവന്ത് ഡേ അഡ്വന്റിസ്റ്റ് സഭയുടെ പങ്ക് നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു, അല്ലെങ്കിൽ ആ സഭയിലുള്ള നിങ്ങളുടെ പങ്ക്?**

## യഹോവയുടെ പ്രസാദ വർഷം (യെശ. 61:2)

**ആരാണ് യെശ. 61:1 ൽ സംസാരിക്കുന്നത്?**

ഈ അഭിഷിക്തനായ വ്യക്തിയുടെ മേൽ ദൈവത്തിന്റെ ആത്മാവുണ്ട്, അതിനർത്ഥം അവനൊരു മിശിഹാ ആണെന്നതാണ്. അവൻ "എളിയവരോട് സദ്വർത്തമാനം... തടവുകാർക്കു വിടുതലും" (യെശ 61:1). അത് ആരെപ്പോലെ തോന്നുന്നു? യെശ. 42:1–7 മായി താരതമ്യം ചെയ്യുക, ദൈവത്തിന്റെ ദാസനെ സമാനപദങ്ങളിൽ വർണ്ണിച്ചിരിക്കുന്നു.

യെശ. 61:2 "ദൈവത്തിന്റെ പ്രസാദവർഷത്തെക്കുറിച്ചു സംസാരിക്കുന്നു. ദാവീദ് വംശജനായ രാജാവും വീണ്ടെടുപ്പുകാരനുമായി അഭിഷേകം ചെയ്യപ്പെട്ട മിശിഹ, ദിവ്യ ആനുകൂല്യത്തിന്റെ ഒരു പ്രത്യേക വർഷം പ്രഖ്യപിക്കുന്നു, അവൻ സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോൾ ആണ് ഇതു ചെയ്യുന്നത്. വിശുദ്ധമായ 50–ാം വർഷത്തിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ ദൈവം യിസ്രായേലിനോടു കല്പിക്കുന്ന യെശയ്യാവ് 25:10 മായി താരതമ്യം ചെയ്യുക. "അതു നിങ്ങൾക്കു യോബേൽ വർഷമായിരിക്കേണം. നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം; ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കും മടങ്ങിപ്പോകേണം."

ഇതിനർത്ഥം അവരുടെ പൈതൃകമായ നിലം വില്ക്കാൻ നിർബന്ധിതരായ വ്യക്തികൾ അല്ലെങ്കിൽ ദാരിദ്യ സമയത്ത് ദാസന്മാരാകാൻ വിധിക്കപ്പെട്ടവർ (ലേവ്യ. 25:25–55) എന്നിവരെല്ലാം അവരുടെ നിലവും സ്വാതന്ത്ര്യവും തിരികെപ്പിടിക്കുമെന്നാണ്. കാരണം പാപപരിഹാര ദിവസത്തിൽ കാഹളം ഊതികൊണ്ടാണ് പ്രസാദ വർഷം ആരംഭിച്ചത് (ലേവ്യ. 25:9).

യെശ. 61:2 ൽ ഉള്ള പ്രസാദവർഷം ഒരുതരത്തിലുള്ള യോബേൽ വർഷം ആയതുകൊണ്ട്, അത് ലേവ്യ. 25 ലെ വെറുമൊരു ആചരണമല്ല. ഈ വർഷം പ്രഖ്യാപിച്ചത് മിശിഹായാണ്. ആ രാജാവ്, പുനഃസ്ഥാപനത്തിന്റെയും വിടുതലിന്റെയും ഒരു ശുശ്രൂഷയിലൂടെ അവൻ അവനെത്തന്നെ വെളിപ്പെടുത്തുമ്പോൾ. ഇത് ചില മെസപ്പൊട്ടേമിയ രാജാക്കന്മാർ തങ്ങളുടെ വാഴ്ചയുടെ ആദ്യ വർഷങ്ങളിൽ സാമൂഹ്യ നീതി പ്രചരിപ്പിക്കുന്നതിന് കടങ്ങളിൽനിന്നും ഒഴിവാക്കിയതിനു സമമാണ്. മിശിഹായുടെ ശുശ്രൂഷ ലേവ്യ. 25 ലെ ന്യായപ്രമാണത്തിന്റെ പരിധിക്കും അപ്പുറം പോകുന്നു. അവൻ ബദ്ധന്മാർക്കു വിടുതൽ പ്രഖ്യാപിക്കുക" മാത്രമല്ല പിന്നെയോ അവൻ ഹൃദയം തകർന്നവരെ മുറികെട്ടുന്നു.

വിലപിക്കുന്നവരെ ആശ്വസിപ്പിക്കയും അവരുടെ പുനഃസ്ഥാപനം നടത്തുകയും ചെയ്യുന്നു (യെശ. 61:1–11). "യഹോവയുടെ പ്രസാദവർഷ"ത്തിനു പുറമെ "ദൈവത്തിന്റെ പ്രതികാര ദിവസവും" അവൻ പ്രഖ്യാപിക്കുന്നു (യെശ. 61:2).

എപ്പോഴാണ് യെശയ്യാവിന്റെ പ്രവചനം നിവൃത്തിയായത്? (ലൂക്കൊസ് 4:16–21). യേശുവിന്റെ ശുശ്രൂഷ ഇത് എങ്ങനെയാണ് നേടിയെടുത്തത്? കൂടാതെ, ഈ പ്രധാന ചോദ്യം നിങ്ങൾത്തന്നെ ചോദിക്കൂ: നാം, നിശ്ചയമായും യേശുവല്ല. എന്നാൽ നാം ലോകത്തിന് അവനെ പ്രതിനിധീകരിക്കേണ്ടവരാണ്. നാമും നമ്മുടെ പരിമിതമായ കഴിവുകളിൽ ചെയ്യേണ്ടുന്നതായ എന്ത് കാര്യങ്ങളാണ് മിശിഹാ ചെയ്തതായി യെശയ്യാവ് 61:1–3 ൽ പ്രകടിപ്പിച്ചിരിക്കുന്നത്? ഈ കാര്യങ്ങൾക്കുവേണ്ടി നമുക്ക് ചെയ്യാനാകുന്ന ചില പ്രായോഗിക വഴികൾ എന്തെല്ലാമാണ്?

## "നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസം (യെശ. 61:2)

**സകല സുവാർത്തകളുടെയും നടുവിൽ, യെശയ്യാവ് 61 ൽ ചിത്രീകരിച്ചിരിക്കുന്നതു പോലെ, എന്തുകൊണ്ടാണ് മിശിഹാ ദൈവത്തിന്റെ പ്രതികാരം പ്രഖ്യാപിക്കുന്നത്?**

എപ്പോഴാണ് ഈ പ്രവചനം നിവൃത്തിയാകുന്നത്? നസ്രേത്തിൽ ആയിരുന്നപ്പോൾ യേശുവാകുന്ന മിശിഹ യെശ. 61 "യഹോവയുടെ പ്രസാദവർഷം പ്രസ്താവിക്കാനും" എന്നുവരെ വായിച്ചു (യെശ. 61:2; ലൂക്കൊസ് 4:19).

പിന്നീട് അവൻ നിർത്തിയശേഷം പറഞ്ഞു, "ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു" അതിനാൽ, അതേ വാക്യത്തിലെ അടുത്ത വാക്കുകൾ വായിക്കുന്നത് അവൻ മനഃപൂർവ്വമായും വ്യക്തമായും വായിക്കുന്നത് ഒഴിവാക്കി. "നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസം" (യെശ. 61:2). സുവാർത്തയുടെയും, സ്വാതന്ത്ര്യത്തിന്റെയും, ആശ്വാസത്തിന്റേതുമായ അവന്റെ ശുശ്രൂഷ സാത്താന്റെ ഭരണത്തിൽ നിന്ന് അടിമകളെ സ്വതന്ത്രമാക്കാൻ ആരംഭിച്ചപ്പോൾ, പ്രതികാര ദിവസം വരാറായിട്ടില്ലായിരുന്നു. മത്തായി 24 ൽ (മർക്കൊസ് 13, ലൂക്കൊസ് 21) ദിവ്യ ന്യായവിധികൾ ഭാവിയിൽ വരുമെന്ന് അവൻ തന്റെ ശിഷ്യന്മാരോട് മുൻകൂട്ടി പറഞ്ഞു.

നിശ്ചയമായും, യെശയ്യാവ് 61 ൽ ദൈവത്തിന്റെ പ്രതികാര ദിവസം "യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം" (യോവേൽ 2:31; മലാഖി 4:5) ആകുന്നു.

ഇതു നിറവേറുന്നത് അവന്റെ ശത്രുക്കളെ തോല്പിച്ച് അടിച്ചമർത്തപ്പെട്ട അവന്റെ ജനങ്ങളിലെ ശേഷിപ്പിനെ സ്വതന്ത്രമാക്കി ഭൂമിയെ അനീതിയിൽനിന്ന് വിടുവിക്കാനായി ക്രിസ്തു വീണ്ടുംവരുമ്പോഴാണ് (വെളി. 19; ദാനി. 2:44,45).

**ഒരു സ്നേഹവാനായ ദൈവത്തെ പ്രതികാരം വാഗ്ദാനം ചെയ്യുന്ന ഒരു ദൈവമായും കാണുക എന്ന ആശയത്തെ നിങ്ങൾ എങ്ങനെയാണ് ഒത്തുതീർപ്പാക്കുക? ആ ആശയങ്ങൾ പൊരുത്തപ്പെടുമോ? അതോ നിങ്ങൾ പ്രതികാരത്തെ ആ സ്നേഹത്തിന്റെ ഒരു പ്രകടനമായി മനസ്സിലാക്കുമോ? അങ്ങനെയെങ്കിൽ, എങ്ങനെ? നിങ്ങളുടെ ഉത്തരം വിശദമാക്കുക.**

ഒരു ചെകിടത്ത് അടിച്ചാൽ അടുത്ത ചെകിടും കാണിക്കാൻ യേശു പറഞ്ഞിട്ടുണ്ടെങ്കിലും (മത്തായി 5:39), മറ്റിടങ്ങളിൽ ന്യായവും ശിക്ഷയും നില്കപ്പെടും എന്ന് അവൻ വ്യക്തമായി പറയുന്നു (മത്തായി 8:12). "തിന്മയ്ക്കു പകരം തിന്മ ചെയ്യരുത്" (1 തെസ്സ. 5:15) എന്ന് പൗലൊസ് നമ്മോട് പറഞ്ഞിട്ടുണ്ട്, എന്നാൽ ദൈവം സ്വർഗ്ഗത്തിൽനിന്ന് ജ്വലിക്കുന്ന അഗ്നിയായി വെളിപ്പെടുമ്പോൾ "ദൈവത്തെ അറിയാത്തവരുടെ മേൽ പ്രതികാരം ചെയ്യും എന്നും അവൻ പറഞ്ഞിട്ടുണ്ട് (2 തെസ്സ. 1:8)

**ദുഷ്ടത ചെയ്യുന്ന ഒരുവനിൽ പ്രതികാരം ഉണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിക്കാൻ സാധ്യതയുള്ളത് തുടർന്നുള്ള ഏതെല്ലാം സംഭവങ്ങളിൽ നിന്നാണ്? 1. നിങ്ങൾ സ്നേഹിക്കാത്ത ഒരു വ്യക്തിയെ ഒരുവൻ ഉപദ്രവിക്കുകയാണെങ്കിൽ അല്ലെങ്കിൽ 2. നിങ്ങൾ സ്നേഹിക്കുന്ന ഒരാളെ ഒരുവൻ ഉപദ്രവിക്കുകയാണെങ്കിൽ? നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെയും പ്രതികാരത്തിനുള്ള താക്കീതും തമ്മിലുള്ള ബന്ധം നാം എങ്ങനെ മനസ്സിലാക്കുന്നു?**

## കൂടുതൽ പഠനം:

E. G. White ന്റെ Patriarchs and Prophets P. P. 376-378; The Desire of Ages, PP. 236-243 എന്നിവ കാണുക.

അവനെക്കുറിച്ചു തന്നെയുള്ള പ്രവചനങ്ങൾ തുറന്നു കാണിക്കുന്ന ജീവനുള്ള ഒരുവനായാണ് യേശു ജനങ്ങളുടെ മുമ്പിൽ നിന്നത്. അവൻ വായിച്ച വചനങ്ങളെ വിശദീകരിച്ച്, മർദ്ദിതരെ വിടുതൽ ചെയ്യുന്ന ഒരുവനായി അവൻ മിശിഹായെക്കുറിച്ച് സംസാരിച്ചു. അടിമകളുടെ മോചകൻ, രോഗബാധിതരുടെ സൗഖ്യദായകൻ, അന്ധർക്കു കാഴ്ച ഏകുന്നവൻ, ലോകത്തിനു സത്യത്തിന്റെ വെളിച്ചം കാട്ടുന്നവനും. അവന്റെ മതിപ്പുളവാക്കുന്ന പെരുമാറ്റവും അവന്റെ വാക്കുകളുടെ അതിശയകരമായ അർത്ഥവും അവർ മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത ശക്തിയാലും ആനന്ദത്താലും കേൾവിക്കാരെ നിറച്ചു. ദിവ്യ സ്വാധീനത്തിന്റെ തിരമാല സകല പ്രതിബന്ധങ്ങളെയും തകർത്ത മോശെയെപ്പോലെ അവർ അദൃശ്യമായത് കണ്ടു. അവരുടെ ഹൃദയങ്ങൾ പരിശുദ്ധാത്മാവിനാൽ ചലിപ്പിക്കപ്പെട്ടപ്പോൾ, അവർ തീഷ്ണമായ ആമേനുകളോടും ദൈവത്തിനുള്ള സ്തോത്രങ്ങളാലും പ്രതികരിച്ചു.

"ദൈവത്തിന്റെ പ്രതികാരത്തിന്റെ ദിവസം വരുന്നു – അവന്റെ ക്രോധത്തിന്റെ ഘോരമായ ദിവസം. അവന്റെ വരവിന്റെ ദിവസം ആർക്ക് സഹിക്കാനാകും? മനുഷ്യർ ദൈവാത്മാവിനെതിരെ അവരുടെ ഹൃദയങ്ങൾ കഠിനമാക്കി, എന്നാൽ ബോധ്യത്തിന്റെ അമ്പുകൾ തുളച്ചു കയറാനാവാത്തിടത്ത് അവന്റെ ക്രോധത്തിന്റെ അമ്പുകൾ തുളച്ചു കയറും. ദൈവം പാപിയോട് ഇടപെടാൻ അധികം വൈകില്ല: വ്യാജ ഇടയൻ അന്ന് ലംഘനക്കാരനെ സംരക്ഷിക്കുമോ? അനുസരണക്കേടിന്റെ പാതയിൽ ജനക്കൂട്ടത്തോടൊപ്പം സഞ്ചരിച്ചവനോട് ക്ഷമിക്കാനാകുമോ? പ്രസിദ്ധിയോ അംഗബലമോ ആരെയെങ്കിലും കുറ്റക്കാരല്ലാതാക്കുമോ? ശ്രദ്ധയില്ലാത്തവരും പുറം തിരിഞ്ഞു നില്ക്കുന്നവരും അവർക്കായി കണക്കിലെടുക്കേണ്ട ചോദ്യങ്ങളാണ് ഇവ." E. G. White, Faith and Works, P. 33.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **അവന്റെ ശുശ്രൂഷയിലെ ഒന്നാമത്തെ പ്രശ്നം മറ്റുള്ളവർ അവരോടൊത്തു വരേണ്ട എന്നു കരുതുന്ന സഭാംഗങ്ങളുടെ മനോഭാവമാണ് എന്ന് ഒരു സെവന്ത് ഡേ അഡ്വന്റിസ്റ്റ് പാസ്റ്റർ ചിന്താഭാരത്തോടെ പറഞ്ഞു." ക്രിസ്ത്യാനികൾക്ക്" എങ്ങനെയാണ് അന്ത്യം വരുന്നതിനു മുമ്പേ ലോകത്തിലുള്ള മറ്റുള്ളവരും രക്ഷപ്പെടുന്നതിന് ക്രിസ്തുവിന്റെ രാജ്യത്തെ സുവാർത്തയും, പ്രത്യാശയും, സ്നേഹവും സകല ലോകത്തിനും എത്തിക്കാനാകുക (മത്തായി 24:14) അവർ അവരുടേതിൽനിന്ന് വ്യത്യസ്തമായവർ പള്ളികളിൽ എത്തേണ്ട എന്നു ചിന്തിച്ചു തുടങ്ങിയാൽ കാര്യങ്ങൾ എങ്ങനെയാകും?**

**സംഗ്രഹം: ഒരു അനീതി നിറഞ്ഞ സമൂഹത്തെ ദൈവം ശുദ്ധീകരിക്കുന്നത് അതിലെ എതിരാളികളെ മാറ്റിയും, അവരെ ദൈവത്തിൽനിന്ന് അകറ്റിയ പാപങ്ങളിൽനിന്ന് വിട്ടുതിരിയുന്ന ശേഷിപ്പിനെ പുനഃസ്ഥാപിച്ചുമാണ്. ദൈവസാന്നിധ്യത്തിന്റെ അനുഗ്രഹത്താൽ, മറ്റ് ജാതികളിൽ നിന്നുള്ളവർ ദൈവത്തിലേക്കും അവന്റെ ജനങ്ങളിലേക്കും ആകർഷിക്കപ്പെടുന്നു, അങ്ങനെ അവർക്ക് മിശിഹ നല്കുന്നതും പ്രഖ്യാപിച്ചതുമായ ദൈവപ്രീതി ആസ്വദിക്കാനാകുന്നു.**